# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 534

01.12.2015-ൽ മറുപടിക്ക്

## സുവർണ്ണ കേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. സെൽവരാജ്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) സഹകരണ മേഖലയിൽ സുവർണ്ണ കേരളം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) നൂതനവും ആരോഗ്യകരവുമായ കൃഷി രീതികൾ ഉപയോഗപ്പെടുത്തി സഹകരണസംഘങ്ങളിലൂടെ കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി പ്രോത്സാഹിപ്പിക്കുക, സുരക്ഷിതമായ ഭക്ഷണം എന്ന ആവശ്യം ജനകീയ പങ്കാളിത്തത്തോടുകൂടി കേരളത്തിലെ സഹകരണ മേഖല മുഖേന നടപ്പാക്കുക എന്നിവയാണ് സുവർണ്ണ കേരളം പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. വിഷമില്ലാത്ത പച്ചക്കറി കൃഷി ചെയ്യുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ ബോധവത്ക്കരണവും നടത്തിവരുന്നു. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) കേരളത്തിലുടനീളം സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൻ കീഴിൽ വരുന്ന എല്ലാ സഹകരണ സംഘങ്ങൾക്കും |

സുവർണ്ണ കേരളം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ താലൂക്കിലും ഉള്ള സർവ്വീസ് സഹകരണ ബാങ്കുകൾ ടി പ്രദേശത്ത് ഓരോ സീസണുകളിലും യോജിച്ച പച്ചക്കറി വിത്തുകൾ/തൈകൾ എന്നിവ പോളിഫാമുകളിൽ വികസിപ്പിച്ചെടുത്ത് ഗുണമേന്മയും അത്യുൽപാദന ശേഷിയുമുള്ള വിത്തുകൾ/തൈകൾ എന്നിവ സർക്കാർ കൃഷിഫാം/നേഴ്സറികൾ വഴി വാങ്ങിയും സൗജന്യമായോ/മിതമായ വിലക്കോ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതിനും സംഘം പരിധിയിൽ ആരംഭിക്കുന്ന പച്ചക്കറി കൃഷിക്ക് കൃഷിഭവൻ വഴിയും സേവന സന്നദ്ധതയുള്ള സർവ്വീസിൽ നിന്നും വിരമിച്ച കൃഷി ആഫീസർമാർ മുഖേനയും സേവനം ലഭ്യമാക്കാനും സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിക്കുകയും അതിനനുസൃതമായി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അംഗങ്ങൾക്ക് കൃഷി ചെയ്യുന്നതിനാവശ്യമായ കാർഷിക വായ്പ ബാങ്കുകൾ വഴി നൽകി വരുന്നു. ബ്ലോക്ക് തലത്തിൽ സഹകരണ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് സർവ്വീസ് സെന്ററിന്റെ സേവനവും നൽകിവരുന്നു.

**സെക്ഷൻ ഓഫീസർ**